പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2957 **29-10-2026-ൽ മറുപടിയ്ക്ക്**

<u>ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. മഞ്ഞളാംകുഴി അലി

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ഓരോ വർഷവും ലഭിച്ച തുക എത്ര; അതിൽ ചെലവഴിച്ച തുക എത്ര; ചെലവഴിക്കാതെ ബാക്കിയായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി:</u> ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 വരെയുള്ള കാലയളവിൽ റീലീസ് ലഭിച്ച കേന്ദ്രവിഹിതം, ചെലവഴിച്ച തുക, ബാക്കിയായ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	കേന്ദ്ര വിഹിതം ലഭിച്ചത് (ലക്ഷം രൂപയിൽ)	ചെലവഴിച്ച തുക (ലക്ഷം രൂപയിൽ)	ചെലവഴിക്കാതെ ബാക്കിയായ തുക (ലക്ഷം രൂപയിൽ)
2021-22	5281	5280	1
2022-23	389	389	0
2023-24	0	0	0
2024-25	0	0	0
2025-26	1700	181.54	പദ്ധതിക്ക് <u>SNA-SPARSH മോഡിൽ</u> 5 കോടി , 12 കോടി എന്നിങ്ങനെ 17 കോടി രൂപയുടെ മദർ സാംഗ്ഷൻ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. ഇതിൽ 302.57 ലക്ഷം രൂപ 60.40 കേന്ദ്ര-സംസ്ഥാന വിഹിതമായി വിനിയോഗിച്ചിട്ടുണ്ട്.ഫണ്ട് ചെലവഴിക്കുന്ന മുറക്ക് കേന്ദ്ര വിഹിതമായി 60%

			തുക റീഇംബേഴ്സ് ലഭിക്കുന്നതാണ്.

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്ന് നേരിട്ട് ഗ്രാന്റ് തുക കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ , കോർപ്പറേഷന് ലഭിക്കുന്നില്ല. എന്നാൽ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), വായ്പാ പദ്ധതികളുടെ നടത്തിപ്പിനായി കോർപ്പറേഷന് വായ്പ നൽകി വരുന്നുണ്ട്.

(ബി) യഥാസമയം വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തത് കാരണം ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: കേന്ദ്ര ആവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങളും പുതിയ സാമ്പത്തിക നയങ്ങളും കാരണം മുൻവർഷങ്ങളിലെ വിനിയോഗ സർട്ടിഫിക്കറ്റ് (UC) സമർപ്പിക്കുന്നതിൽ സാങ്കേതികമായ കാലതാമസം നേരിട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനത്തു നിന്നും സമർപ്പിച്ച പുതിയ പദ്ധതി നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിൽ തടസ്സങ്ങൾ നേരിടുകയും, 2023-24 സാമ്പത്തിക വർഷം മുതൽ പുതിയ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനും കേന്ദ്ര ഫണ്ട് വിഹിതം അനുവദിച്ചു കിട്ടുന്നതിനും തടസ്സം നേരിടുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. എന്നാൽ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്ത കാരണത്താൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പദ്ധതിക്ക് കേന്ദ്ര സഹായം നിഷേധിക്കപ്പെട്ട സാഹചര്യം ഉണ്ടായിട്ടില്ല.

(സി) നിലവിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാം; അതിൽ സംസ്ഥാനത്തിന്റെ വിഹിതം ഓരോന്നിലും എത്ര വീതമാണ്; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയാണ് സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നത്. ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിത അനുപാതം 60:40 എന്ന ക്രമത്തിലാണ്.

സെക്ഷൻ ഓഫീസർ